

# കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി കുടിയിറക്ക് പ്രക്ഷോഭം

**കേരളത്തിന് കോച്ച് ഫാക്ടറി വേണം. പക്ഷെ അത് പാവപ്പെട്ടവരുടേയും കൃഷിക്കാരുടേയും നെഞ്ചത്തുതന്നെ വേണോ? തരിശ്ശായികിടക്കുന്ന ഭൂമി വേറെയുള്ളപ്പോൾ, അതെടുക്കാതെ സുതാര്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ, സ്ഥലമെടുപ്പിന്റെ പ്രത്യാഘാതങ്ങൾ.**

ഡോ. പി.എസ്. പണിക്കർ

ഒരു റെയിൽവേ കോച്ച് ഫാക്ടറി പാലക്കാട് ജില്ലയിൽ സ്ഥാപിക്കുകയെന്നുള്ളത് ഇവിടുത്തെ ജനങ്ങളുടെ ഒരു ചിരകാല അഭിലാഷമാണ്. മുമ്പ് ഒരിക്കൽ ഇത് സംബന്ധിച്ച് പ്രഖ്യാപനമുണ്ടായെങ്കിലും അത് വെറും സ്വപ്നാലിംഗനമായിരുന്നു. ഇപ്പോൾ ഇന്ത്യൻ റെയിൽവേ അതിരൂക്ഷമായ റെയിൽകോച്ച് ക്ഷാമം നേരിടുന്നു. അതിന് പറ്റിയ സ്ഥലം പാലക്കാട് ജില്ലതന്നെയാണ്. എന്നാൽ, ആ അഭിലാഷം സഫലീകരിക്കുന്നതിനുള്ള സക്രിയനടപടികളല്ല ജില്ലാ ഭരണകൂടത്തിന്റെയും സംസ്ഥാന ഗവർമെന്റിന്റെയും ഭാഗത്തുനിന്നുള്ളത് എന്ന് പറയാതെ തരമില്ല.

**1. ഒരിക്കൽ കുടിയിറക്കിന് ഇരയായവരെ വീണ്ടും വീണ്ടും കുടിയിറക്കുന്നു.**

പുതുശ്ശേരി പടിഞ്ഞാറെ വില്ലേജിൽ 30,31 ബ്ലോക്കിൽ പെടുന്ന കഞ്ചിക്കോട്ടെ മുക്രോണി, തലപ്പള്ളം, ചുള്ളിപ്പള്ളം, വല്ലടി പ്രദേശങ്ങളിൽ 450 വീടുകളിലായി കഴിയുന്ന 700 കുടുംബങ്ങളിലെ 1500 ൽപരം പേരാണ് നിർദ്ദിഷ്ട കോച്ച്ഫാക്ടറി സ്ഥാപിക്കാൻ വേണ്ടി കുടിയറക്ക് ഭീഷണിയിൽ കഴിയുന്നത്. ഇവരിൽ 140 കുടുംബങ്ങൾ പട്ടികജാതി -പട്ടികവർഗ്ഗങ്ങളിൽ പ്പെടുന്നവരാണ്. മാത്രമല്ല, ഇവരിൽ പലരും 1972ലും 1984ലും കഞ്ചിക്കോട്ടെ വ്യവസായ മേഖലയുടെ വികസനത്തിനുവേണ്ടി കുടിയിറക്കിയവരത്രെ. (സുപ്രീകോടതി ഉത്തരവ് - ഒരു ജനതയെ ഒരിക്കലെ കുടിയിറക്കാവൂ എന്നാണ്) അന്നേ സെന്റിന് വെറും Rs. 132/- സർക്കാർ നൽകി. പകരം സെന്റിന് Rs. 900/- നൽകി സ്ഥലം വാങ്ങിയവരാണ്. അന്ന് കുടിയിറക്കിയവർക്കെല്ലാം തൊഴിൽ നൽകുമെന്ന് ഗവൺമെന്റ് വാഗ്ദാനം നൽകിയിരുന്നെങ്കിലും അത് ജലരേഖയായി അവശേഷിച്ചു. കുടിയിറക്കൽ ഭരണകൂടങ്ങൾക്ക് വിനോദമാണ്. സിംങ്കൂരും, നന്ദിഗ്രാമും, മൂലമ്പള്ളിയും വീണ്ടും വീണ്ടും സംഭവിക്കുന്നു. കുടിയിറക്കൽ പറിച്ചുനടലാണ്. അതിൽ പലരും വഴിക്ക് വീണുപോവും. ജീവിതം തകരും.

**2. ഫലഭൂയിഷ്ടമായ വിളനിലം**

പ്രകൃതിയാൽ ഇത്രയും അനുഗ്രഹീതവും സ്വയം പര്യാപ്തവുമായ മറ്റൊരു ഗ്രാമം കേരളത്തിൽ ഉണ്ടെന്ന് തോന്നുന്നില്ല. വളരെയേറെ ഫലഭൂയിഷ്ടമായ പശിമരാശിമണ്ണാണ് ഇവിടുത്തെ പാടശേഖരങ്ങളിലുള്ളത്. ഒരു കാലത്ത് നെല്ലിശ്ശേരി ബ്രാഹ്മണ തറവാടുവകയായിരുന്നു ഈ പ്രദേശം. ആ കുടുംബം ഈ പ്രദേശത്തെ നല്ലപോലെ സംരക്ഷിച്ചിരുന്നു. മൂന്ന് വൻമലകൾ-അയപ്പൻമല, വേലഞ്ചേരിമല, അടുപ്പുകൂട്ടിമല - എന്നിവ കാവൽമാലാഖകളെപ്പോലെ പടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്യുന്നു. ഈ മലകളിൽനിന്ന് ഒഴുകിയെത്തുന്ന പോഷകങ്ങളടങ്ങിയ എക്കലും, വണ്ടലും ഉള്ള ജലം പാടശേഖരങ്ങളിൽനിന്നും ഉൽപാദിപ്പിക്കുന്ന നെല്ലിന് നല്ല കാമ്പും, സ്വാദും, നിറവും സുഗന്ധവുമുണ്ട്. മാത്രമല്ല ഒരു പറ നെല്ലിന് എട്ട് കിലോഗ്രാം തൂക്കവുമുണ്ട്. ഇരുപ്പൂവൽ കൃഷി നടത്തുന്ന പാടശേഖരങ്ങളാണ് ഇവിടെ ഉള്ളത്. (എന്നാൽ ജില്ലാ കലക്ടർ പറയുന്നത് ഇവിടെ കൃഷി ഒന്നും ഇല്ലെന്നാണ്. കേരളത്തിലെവിടെയും കാണുന്ന പച്ചപ്പെ ഉള്ളത്രെ.) ഇവിടെയുള്ള ജലാശയങ്ങളിലെ ജലം ഉപയോഗിച്ച് ജലസേചനം നടത്തുന്ന 390 ഏക്കർ കൃഷിയിടം വരും. രണ്ടു പൂവൽ കൃഷിയിലായി 1400 ടൺ നെല്ല് പ്രതിവർഷം ഇവിടെനിന്നും ഉൽപ്പാദിപ്പിക്കുന്നു. പുതുശ്ശേരി പ്രദേശത്തുള്ള പാടശേഖരങ്ങളിൽ ഇവിടുത്തെ വലിയേരി പാടശേഖരം മാത്രമാണ് സർക്കാർ ഇപ്പോഴത്തെ ഭക്ഷ്യസുരക്ഷാപദ്ധതിയിൽപ്പെടുത്തിയിട്ടുള്ളത്. (നെൽവയൽ - നീർത്തട സംരക്ഷണ നിയമവും ഭക്ഷ്യസുരക്ഷാപദ്ധതി പ്രഖ്യാപനവും നടത്തിയ LDF സർക്കാരിന് ഈ നികത്തൽ നടപടി എങ്ങിനെ ന്യായീകരിക്കാൻ കഴിയും) കൂടാതെ ഇഞ്ചി, മുളക്, നാളികേരം എന്നിവയും ഇവിടെനിന്നും നല്ലപോലെ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. പ്രതിദിനം 900 ലിറ്റർ പാലും ഇവിടെ നിന്ന് ലഭിക്കുന്നു. കാർഷികവൃത്തി കൂടാതെ കന്നുകാലി- കോഴിവളർത്തൽ തുടങ്ങിയ തൊഴിലുക

ളിലും ഇവിടുത്തെ ജനങ്ങൾ ഏർപ്പെടുന്നുണ്ട്.


**3. ജലസമൃദ്ധമായ 7 ഏരികൾ**

7 ഏക്കർ വിസ്തൃതിയുള്ള 6 ഏരികൾ - പാണ്ടിയത്ത് ഏരി, ആരോഗ്യമഠം ഏരി, ബാലൻ ഏരി, വല്ലടി ഏരി, ഐയ്യൻകുളം - 28 ഏക്കർ വിസ്തൃതിയുള്ള വലിയ ഏരി, (ഇതൊരു തടാകമോ, അണക്കെട്ടോ ആയി വികസിപ്പിക്കാൻ കഴിയും). ഇവ ജലസമൃദ്ധമാണെന്നു മാത്രമല്ല പരസ്പരം കനാലുകളാൽ ബന്ധിക്കപ്പെട്ടും കിടക്കുന്നു. മലകളിൽ പെയ്യുന്ന മഴവെള്ളം മുഴുവനും ഇവയിൽ ഒഴുകിയെത്തുന്നു. ഇത്രയും വലിയ ജലസ്രോതസ്സുകൾ ഉള്ളതുമൂലം കിണറുകളിൽ വർഷം മുഴുവൻ സുഭിക്ഷമായി വെള്ളം ലഭിക്കുന്നു. ഈ കുളങ്ങളിലെ ജലം യഥേഷ്ടം ഉപയോഗിച്ചാണ് ഇവിടെ കൃഷി നടത്തുന്നത്. സർക്കാർ ഈ പ്രദേശത്തെ കമാന്റ് ഏരിയ (കാഡ) സ്കീമിൽപ്പെടുത്തി ഒന്നേകാൽകോടി രൂപ ചെലവാക്കി ജലസേചനപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇവിടുത്തെ മലകളിലും വനങ്ങളിലുമുള്ള ആന, കരടി, കാട്ടുപോത്ത്, മാൻ തുടങ്ങിയ വന്യമൃഗങ്ങളും ഈ ജലസ്രോതസ്സുകൾ ഉപയോഗിക്കുന്നുണ്ട്.

4. പശ്ചിമഘട്ട പർവ്വതനിരകളുടെ മടിത്തട്ടിൽപ്പെട്ട അതീവ ജൈവ വൈവിധ്യമുള്ള പ്രദേശമാണിവിടം. പശ്ചിമഘട്ടത്തെ UNESCO ഐക്യരാഷ്ട്ര സംഘടനയുടെ ലോക പൈതൃകരേഖയിൽപ്പെടുത്തി സംരക്ഷിത പ്രദേശമായി പ്രഖ്യാപിക്കുവാനുള്ള ശ്രമം നടന്നുവരുന്നു. കോടിക്കണക്കിന് രൂപയാണ് കേന്ദ്രഗവൺമെന്റ് പശ്ചിമഘട്ട പ്രദേശങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനുമായി ചിലവിടുന്നത്.

5. മലമ്പുഴ ജലായശത്തിന്റെ ഭാരതപ്പുഴയുടെ പോഷകനദിയായ കോരയാറിന്റെയും വൃഷ്ടിപ്രദേശമാണിവിടം. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ഇവയിലെ നീരൊഴുക്ക് കുറക്കുമെന്ന് പറയാതെതരമില്ല. വലുതും ചെറുതുമായ നിരവധി നീർത്തടങ്ങളും (Water sheds) ജലപാതകളും ഇവിടെ ഉണ്ട്. അവയും മുറിഞ്ഞ് ഇങ്ങിനി വരാതവണ്ണം അപ്രത്യക്ഷമാകും.

6. പാലക്കാട് ചുരത്തിൽപ്പെട്ട പാരിസ്ഥിതികമായ ദുർബലപ്രദേശമാണിവിടം. പ്രകൃതിയുടെ അഭൗമമായ ഒരു പ്രതിഭാസമെന്നാണ് പാലക്കാട് ചുരത്തെ വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളത്. തമിഴ്നാട്ടിൽ നിന്നുള്ള കാറ്റ് സദാസമയവും ഇവിടെ ചീറിയടിക്കുന്നു. ചെറിയ ഒരു ഇടപെടൽപോലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്ന് പരിസ്ഥിതി ശാസ്ത്രജ്ഞർ ആശങ്കപ്പെടുന്നു.



7. വേണ്ടത്ര തരിശുഭൂമി ലഭ്യമാണിവിടെ. ഇത്ര ജനങ്ങളുടെ കുടിയിറക്കലും, കൃഷിഭൂമിയും ജലസ്രോതസ്സുകളും നശിപ്പിക്കലും ഒഴിവാക്കി റെയിൽവേ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് ഇവിടെ ലഭ്യമായിട്ടുള്ള തരിശുഭൂമി ഏതെങ്കിലും ഏറ്റെടുക്കണം. മുമ്പ് സർക്കാർ ഏറ്റെടുത്ത് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന് കൈമാറിയ ഭൂമിയിൽ 520 ഏക്കർ ഭൂമി തരിശായി കിടക്കുകയാണ്. ഇതിനുസമീപം മറ്റൊരു 200 ഏക്കർ തരിശുഭൂമി സ്വകാര്യവ്യക്തികളുടെ കൈവശമുണ്ട്. ഇവർ ഇത് സർക്കാരിന് വിട്ടുകൊടുക്കുവാൻ തയ്യാറുമാണ്. കൂടാതെ, പയറ്റുകാട്ട്ചള്ള മുതൽ ചുള്ളിമട വി.വി. കോളേജ് വരെ നീണ്ടുകിടക്കുന്ന പ്രദേശങ്ങളിൽ 3000 ഏക്കറിലേറെ തരിശുഭൂമി ലഭ്യമാണ്. ഇത് റെയിൽവേ ബിലൈനിന് തൊട്ടുകിടക്കുവശമാണ് ആരെയും കുടിയൊഴിപ്പിക്കേണ്ട.

**8. എന്തിന് 900 ഏക്കർ സ്ഥലം?**

നേരത്തെ Rail India Technical & Services Authoruty (RITS) കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് 650 ഏക്കർ ഭൂമി മതിയെന്ന് അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ ജനസാന്ദ്രത ഏറെയുള്ള കേരളത്തിൽ 900 ഏക്കർ ഭൂമി വേണമെന്ന് ശഠിക്കുന്നത് എന്തിനാണ്? റെയിൽവേ മന്ത്രി മമതാ ബാനർജി പശ്ചിമബംഗാളിൽ സ്ഥാപിക്കാൻ പോകുന്ന കോച്ച് ഫാക്ടറിക്ക് 600 ഏക്കർ ഭൂമിയെ അനുവദിച്ചിട്ടുള്ളു. രണ്ട് അളവുകേൽ എന്തിനാണ്? RITSനെ ബോധപൂർവ്വം കാണിച്ചുകൊടുത്തത് ഈ വിവാദഭൂമി മാത്രമാണ്. ലഭ്യമായ തരിശുഭൂമി അവരെ കാണിച്ചുകൊടുത്തിട്ടില്ല എന്ന ആക്ഷേപമുണ്ട്. തരിശുഭൂമി ലീലാ ഗ്രൂപ്പിന്റെയും ചില രാഷ്ട്രീയ നേതാക്കളുടേയും, ഭൂമി മാഫിയ-ബിനാമികളുടേയുമാണത്രെ. മാത്രമല്ല വിവാദഭൂമിയിൽ നിന്ന്തന്നെ ചില രാഷ്ട്രീയ നേതാക്കളുടേയും ഒരു വിദേശിയുടേയും ഭൂമി കുടിയൊഴിപ്പിക്കലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് പരക്കെ ആക്ഷേപമുണ്ട്.

9. ജനകീയ പ്രതിരോധവും ഗാന്ധിയൻ രീതിയി ലുള്ള സമരവുമല്ലാതെ ജനങ്ങൾക്ക് മറ്റ് മാർഗ്ഗമില്ല. 2008 മെയ് 16ന് വി. കൃഷ്ണൻ പ്രസിഡണ്ടും, പി. ബാലൻ വർക്കിംഗ്

പ്രസിഡണ്ടും, ആർ. ശിവകുമാർ സെക്രട്ടറിയും ഉൾപ്പെടെ 54 അംഗങ്ങളുള്ള കഞ്ചിക്കോട് കോച്ച് ഫാക്ടറി ലാന്റ് അക്വസിഷൻ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. വിവിധ സാമൂഹ്യ-രാഷ്ട്രീയ-പരിസ്ഥിതി സംഘടനകളെ ഉൾപ്പെടുത്തി സമരഐക്യദാർഢ്യസമിതി രൂപം കൊണ്ടു. 2008 നവംബർ 13ന് പഞ്ചായത്ത് ഓഫീസിനുമുമ്പിൽ കുടിയൊഴിപ്പിക്കലിനെതിരെ ധർണ്ണ നടത്തി. സ്ത്രീകൾ ഉൾപ്പെടെ 450 പേർ പങ്കെടുത്തു. 2008 ഡിസംബർ 23ന് 1000ൽപരം പേർ പഞ്ചായത്ത് ഓഫീസ് ഉപരോധിച്ചു. പഞ്ചായത്തിനു തുടക്കം മുതലെ സമരത്തോട് നിഷേധാത്മകമായ നിലപാടായിരുന്നു. പഞ്ചായത്ത് പ്രസിഡണ്ട് കെ. സുരേഷ് ജനങ്ങളുടെ വികാരം അധികാരികളെ അറിയിക്കാമെന്ന് ഉറപ്പ് നൽകി. 2009 ഫെബ്രുവരി 22ന് ജില്ലാ കലക്ടർ പ്രസിഡണ്ടിനേയും സെക്രട്ടറിയേയും ചർച്ചക്ക് വിളിച്ചു. എന്നാൽ ആക്ഷൻ കൗൺസിലിന്റെ 54 പേരെയും ചർച്ചക്ക് വിളിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബോയ്ക്കോട്ട് ചെയ്തു. അന്ന് കരിദിനാചരണവും നടത്തി. സത്രപ്പടിയിൽ പൊതുയോഗവും ചേർന്നു. 2009 ജൂൺ 25ന് കലക്ട്രേറ്റിനുമുമ്പിൽ പ്രതിഷേധധർണ്ണ നടത്തി. 1000ൽപരം പേർ പങ്കെടുത്തു. ഭൂരിപക്ഷവും വനിതകളായിരുന്നു. പ്രസിദ്ധ സാഹിത്യകാരിയും സാമൂഹ്യ പ്രവർത്തകയുമായ പ്രൊഫ. സാറാജോസഫ് ഉൽഘാടനം ചെയ്തു. സംസ്ഥാനതല രാഷ്ട്രീയ-സാമൂഹ്യ-പരിസ്ഥിതിസംഘടനാ നേതാക്കൾ പ്രസംഗിച്ചു. 2009 ജൂൺ 26ന് ജില്ലാ കലക്ടർ പ്രശ്നപരിഹാരത്തിന് സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടിയെങ്കിലും സമരസമിതി നേതാക്കളേയും, പരിസ്ഥിതി പ്രവർത്തകരേയും പങ്കെടുപ്പിച്ചില്ല. B.J.P., ജനതാദൾ, കോൺഗ്രസ് നേതാക്കൾ ജനങ്ങളുമായി പ്രശ്നങ്ങൾ ചർച്ച ചെയ്ത് സമവായത്തിലെത്തിയിട്ടെ കുടിയൊഴിപ്പിക്കൽ നടപടികൾ ആരംഭിക്കാൻ പാടുള്ളു എന്ന് അഭിപ്രായപ്പെട്ടു. എന്നാൽ തുടർ നടപടികളൊന്നും ജില്ലാകളക്ടറുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. 2009 ജൂലായ് 4ന് പാണ്ടിയൻ പാടത്ത് സമരസമിതി ഓഫീസ് ജനതാദൾ സംസ്ഥാന ജനറൽ സെക്രട്ടറി കെ. കൃഷ്ണൻകുട്ടി ഉൽഘാടനം ചെയ്തു. 2009 ജൂലായ് 24ന് സ്ഥലം സർവ്വേ ചെയ്യുന്നതിന് തഹസിൽദാരുടെ നേതൃത്വത്തിൽ എത്തിയ ഉദ്യോഗസ്ഥസംഘത്തെ സ്ത്രീകളുൾപ്പെടെയുള്ള 1000ൽപരം പേർ 6 മണിക്കൂർ തടഞ്ഞുവെച്ചു. തങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കാം, കലക്ടർ സ്ഥലം സന്ദർശിക്കും എന്ന ഉറപ്പോടെയാണ് അവരെ വിട്ടയച്ചത്. പ്ലാച്ചിമട കൊക്കോകോള വിരുദ്ധസമരം, അതിരപ്പിള്ളി സമരം,

ചെങ്ങറ സമരം, മൂലമ്പിള്ളി സമരം തുടങ്ങിയ സമരങ്ങളോട് കാണിക്കുന്ന അതേ ജനവിരുദ്ധ സമീപനമാണ് സർക്കാർ ഈ സമരത്തോടും കാണിക്കുന്നത്. പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി സ്ഥലം സന്ദർശിച്ചതിനുശേഷം മുഖ്യമന്ത്രിക്ക് വിശദമായ കത്ത് നൽകിയിട്ടുപോലും സ്ഥലം എം.എൽ.എ. കൂടിയായ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും പ്രശ്നപരിഹാരത്തിന് യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

**10. പത്രമാധ്യമങ്ങളും, ചാനലുകളും സമരവാർത്തകൾ തമസ്കരിക്കുന്നു**

വികസനത്തിനെതിരായി യാതൊന്നും റിപ്പോർട്ട് ചെയ്യുകയില്ലെന്ന ഉറച്ച നിലപാടിലാണ് ഇവിടുത്തെ പത്രമാധ്യമങ്ങളും ടി.വി. ചാനലുകളും (ചുരുക്കം ചിലവ മാത്രമെ ഇത് വേണ്ടപോലെ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ) ഇത് ജനവിരുദ്ധവും വാർത്തകൾ തമസ്കരിക്കലുമാണെന്ന് പറയാതെ വയ്യ.

**11. സർക്കാർ അനുരഞ്ജനത്തിന് തയ്യാറാവണം**

ജില്ലാ ഭരണകൂടവും സർക്കാരും മർക്കടമുഷ്ടി ഉപേക്ഷിച്ച് സമരസമിതിയുമായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തണം. ഇവിടുത്തെ ജനസഞ്ചയം പാവപ്പെട്ട ഇടത്തരം കർഷകരും കർഷകതൊഴിലാളിയും അടങ്ങിയതാണ്. വൻകിടക്കാരുടെയും, ഭൂമി മാഫിയകളുടെയും, ബിനാമികളുടെയും ഭൂമി ഒഴിവാക്കിക്കൊണ്ട് ഇവർ അധിവസിക്കുന്ന ഭൂമി ഏറ്റെടുക്കുന്നത് തികച്ചും അധാർമ്മികമാണ്, അനീതിയുമാണ്. മേൽ സൂചിപ്പിച്ചതുപോലെ ഇവിടുത്തെ പൊതുസമൂഹം കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് എതിരല്ല. അവർ മുടന്തൻ ന്യായം പറയുകയുമല്ല. കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് വേണ്ടത്ര തരിശുഭൂമി ചൂണ്ടി ക്കാട്ടിയിട്ടുമുണ്ട്. കുടിയൊഴിപ്പിക്കലുപേക്ഷിച്ച് പ്രസ്തുത ഏതെങ്കിലും തരിശുഭൂമിയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കുവാൻ സർക്കാർ ഇനിയും കാലവിളംബം വരുത്തിക്കൂടാ.

*സെക്രട്ടറി, ജനജാഗ്രത, പൗർണമി,*
*തൊറപ്പാളയം, പാലക്കാട് - 1*

## പുതിയ ഡോക്യുമെന്ററി സിനിമകൾ

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ) 33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ
നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ
നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ – ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

വി.സി.ഡി./ഡി.വി.ഡി./വി.എച്ച്.എസ്./കാസറ്റ്
കോപ്പികൾക്കും പ്രദർശനത്തിനും

**കേരളീയം**
കൊക്കാലെ, തൃശൂർ – 21.
ഫോൺ : 9446576943, 0487 – 2421385